**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3477** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഫാമുകളിൽ ജോലി ചെയ്യുന്ന നൈറ്റ് വാച്ച്മാൻമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ഫാമുകൾ നിലവിലുണ്ട്; വിശദവിവരം അറിയിക്കുമോ; | (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് 64 ഫാമുകൾ നിലവിലുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. വയനാട് ജില്ലയിലെ ചീങ്ങേരി എക്സ്റ്റെൻഷൻ സ്കീം (CES) എസ്.ടി വകുപ്പിന് കീഴിലുള്ളതാണ്. ടി ഫാമിലെ ഉദ്യോഗസ്ഥർ കൃഷി വകുപ്പിന് കീഴിലുള്ളവരാണ്. |
| (ബി) | വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന ജോലിയിൽ പ്രവേശിച്ച സ്ഥിരം നൈറ്റ് വാച്ച്മാൻമാരുടെ എണ്ണം അറിയിക്കുമോ; | (ബി) | കൃഷി വകുപ്പിന് കീഴിലുള്ള ഓഫീസുകളും ഫാമുകളും ഉൾപ്പെടെ പി.എസ്.സി മുഖേന ജോലിയിൽ പ്രവേശിച്ച 64 നൈറ്റ് വാച്ച്മാൻമാർ നിലവിലുണ്ട്. |
| (സി) | ഫാമുകളിൽ ജോലി ചെയ്യുന്ന നൈറ്റ് വാച്ച്മാൻമാർക്ക് രണ്ടാം ശനി, സർക്കാർ പൊതുഅവധികൾ എന്നിവ ബാധകമാണോ; വിശദമാക്കാമോ; | (സി) | പി.എസ്.സി. മുഖേന സ്ഥിര നിയമനം ലഭിച്ചിട്ടുള്ള സർക്കാർ ജീവനക്കാരായതിനാൽ കെ.എസ്.ആർ. പ്രകാരമുള്ള അവധികൾ ബാധകമാണ്. സർക്കുലർ നം. 10813/Rules-289/പി&ആർഡി തീയതി 25.11.1989 പ്രകാരം ഞായർ ഒഴികെ രണ്ടാം ശനി ഉൾപ്പെടെയുള്ള പൊതുഅവധി ദിവസങ്ങളിൽ ജോലി ചെയ്യുന്ന നൈറ്റ് വാച്ച്മാൻമാർക്ക് കോമ്പൻസേറ്ററി ഓഫ് നൽകാവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്.<br><br>ഒരു കലണ്ടർ വർഷത്തിൽ അനുവദിക്കാവുന്ന പരമാവധി കോമ്പൻസേറ്ററി ഓഫ് 15 ആയും കൂട്ടിവെക്കാവുന്ന കോമ്പൻസേറ്ററി ഓഫുകളുടെ എണ്ണം 10 ആയും നിജപ്പെടുത്തിയിട്ടുണ്ട് |
| (ഡി) | പ്രസ്തുത ജീവനക്കാരുടെ അവധി സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ വിശദമാക്കാമോ; | (ഡി) | പി.എസ്.സി. മുഖേന സ്ഥിര നിയമനം ലഭിച്ചിട്ടുള്ള സർക്കാർ ജീവനക്കാരായതിനാൽ കെ.എസ്.ആർ. പ്രകാരമുള്ള അവധികൾ ബാധകമാണ്. സർക്കുലർ നം. 10813/Rules-289/പി&ആർഡി തീയതി 25.11.1989 പ്രകാരം ഞായർ ഒഴികെ രണ്ടാം ശനി ഉൾപ്പെടെയുള്ള പൊതുഅവധി ദിവസങ്ങളിൽ ജോലി ചെയ്യുന്ന നൈറ്റ് വാച്ച്മാൻമാർക്ക് |

| | | | |
|---|---|---|---|
| | | | കോമ്പൻസേറ്ററി ഓഫ് നൽകാവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്.<br><br>ഒരു കലണ്ടർ വർഷത്തിൽ അനുവദിക്കാവുന്ന പരമാവധി കോമ്പൻസേറ്ററി ഓഫ് 15 ആയും കൂട്ടിവെക്കാവുന്ന കോമ്പൻസേറ്ററി ഓഫുകളുടെ എണ്ണം 10 ആയും നിജപ്പെടുത്തിയിട്ടുണ്ട് |
| (ഇ) | പ്രസ്തുത ജീവനക്കാർക്ക് സർക്കാർ പൊതുഅവധി ദിവസങ്ങളിൽ ജോലിക്ക് ഹാജരാകാത്തതിന് ആകസ്മിക അവധി അനുവദിച്ചിട്ടുണ്ടോ; 2022, 2023 വർഷങ്ങളിൽ ഇപ്രകാരം അവധി അനുവദിച്ച ജീവനക്കാരുടെ വിശദാംശം അറിയിക്കുമോ? | (ഇ) | ഉണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിലെ വാച്ച്മാൻമാരായ ശ്രീ.ഗോപകുമാർ എ., ശ്രീ. വിഷ്ണു കെ., വീയപുരം സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിലെ വാച്ച്മാൻ ശ്രീ. വിഷ്ണു വി. എന്നിവർക്കും തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിലെ വാച്ച്മാൻ ശ്രീ. അഭിലാഷ് പി.എ., ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറിയിലെ വാച്ച്മാൻ ശ്രീ. സുചിത്രൻ പി.എസ്., മണ്ണുത്തി സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിലെ വാച്ച്മാൻ ശ്രീ. സിദ്ദിഖ് കെ. എന്നിവർക്കും പത്തനംതിട്ട ജില്ലയിലെ പന്തളം കരിമ്പ് വിത്തുത്പാദന കേന്ദ്രത്തിലെ വാച്ച്മാൻ ശ്രീ. മഷ്ഹൂർ കെ.എ. എന്നയാൾക്കും 2022, 2023ൽ ഇപ്രകാരം ആകസ്മിക അവധി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ